# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 928 11/03/2015-ൽ മറുപടിയ്ക്ക്

## ചുമട്ടു തൊഴിലാളികളുടെ കയറ്റിറക്ക് കൂലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>" എ.പി. അബ്ദുള്ളക്കുട്ടി<br>" വി.റ്റി. ബൽറാം<br>" ഹൈബി ഈഡൻ | ശ്രീ. ഷിബു. ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ചുമട്ട് തൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി, പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനുള്ള അനുമതി തൊഴിൽ വകുപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ഉണ്ട്. പൊതുജനങ്ങളിൽ നിന്നും ചുമട്ടുതൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയകേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന് 22/5/2012-ലെ സ.ഉ. (സാധാ) നം. 768/2012/തൊഴിൽ പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. |
| (സി) ഇതിനുള്ള നടപടികൾ ആരാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ? | (സി) ഇതിനുള്ള തുടർനടപടി കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവാണ് സ്വീകരിക്കേണ്ടത്. മേൽ പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയകേന്ദ്രം എന്നിവ വഴിയും കയറ്റിറക്ക് കൂലി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ കമ്മിറ്റി ചെയർമാൻമാർക്കും, ബോർഡ് ചീഫ് എക്സിക്യൂട്ടീവ് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ